പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1857 01.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിലെ പിരിച്ചുവിട്ട ജീവനക്കാർ

| ചോദ്യം<br>ശ്രീ.വി.അബ്ദുറഹിമാൻ | മറുപടി<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പിരിച്ചുവിട്ട കെ.എസ്.ആർ.ടി.സി യിലെ താല്ക്കാലിക ഡ്രൈവർമാരെയും കണ്ടക്ടർമാരെയും സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരമാണ് കെ.എസ്.ആർ.ടി.സി.യിലെ താൽക്കാലിക ഡ്രൈവർമാരെയും കണ്ടക്ടർമാരെയും പിരിച്ചുവിട്ടത്. ആയതിനാൽ പിരിച്ചുവിടപ്പെട്ടവരെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | ആയിരക്കണക്കിന് കണ്ടക്ടർമാരും, ഡ്രൈവർമാരും കൂട്ടമായി പിരിച്ചുവിട്ടപ്പോൾ കെ.എസ്.ആർ.ടി.സി യ്ക്കുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; | (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിലേയ്ക്കായി ടി ജീവനക്കാർ കൂടുതലുള്ള യൂണിറ്റുകളിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റ് യൂണിറ്റുകളിൽ വിന്യസിച്ചിട്ടുണ്ട്. |
| (സി) | ഇപ്രകാരം പിരിച്ചുവിട്ട എംപാനൽ കണ്ടക്ടർമാരെയും ഡ്രൈവർമാർ ഉൾപ്പെട്ട ഇതര ജീവനക്കാരെയും ഭാവിയിൽ സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**